# ഡി എം സി,എ ഡി എം സി മാർക്കുള്ള ദ്വിദിന പരിശീലനം-റിപ്പോർട്ട്

തീയ്യതി : ജൂൺ 23,24

സ്ഥലം : ഐ.ഐ.എം. കോഴിക്കോട് കാമ്പസ്

പരിശീലന ഏജൻസി : ഐ.ഐ.എം. കോഴിക്കോട്

ഫാക്കൽട്ടി : ശ്രീമതി പ്രിയ നായർ രാജീവ്

ശ്രീമതി സിമി ജോയ്




To, File - Organization

Sent this report to Mr. Djith Chacko by mail on 3/7/17

3/7/17

**<u>ഉദ്ദേശ്യങ്ങൾ</u>**

*ജില്ലാമിഷൻ , സംസ്ഥാനമിഷൻ ഓഫീസർമാർക്ക് മ്നേജ്മെന്റ് കപ്പാസിറ്റി വികസിപ്പിക്കുക

* ജില്ലാമിഷൻ ഓഫീസുകളിൽ കൂട്ടായ്മ ഉറപ്പാക്കുകയും കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.

* മാതൃകാപരമായ പദ്ധതികൾ ചർച്ചചെയ്ത് നിലവിലുള്ള പദ്ധതികളെ മെച്ചപ്പെടുത്തുവാനും നൂതനമായ പദ്ധതികൾ ആവിഷ്ക്കരിക്കാനുമുള്ള പ്രചോദനം നൽകുക

**<u>സെഷനുകൾ</u>**

**ഒന്നാം ദിനം**

* Understanding dimension of organizational excellence
* Organizational excellence measures and mean
* Social leadership model for excellence.

**രണ്ടാം ദിനം**

* Getting the most out of team work
* Change management

**<u>സെഷനുകളിലൂടെ</u>**

<u>ഒന്നാം ദിനം</u>

രാവിലെ 8 മണിക്ക് ക്യാമ്പസിലെത്തി.9.30 ന് സെഷൻ ആരംഭിച്ചു.ഹെലികോപ്റ്റർവ്യൂ എന്ന ആശയത്തിലൂന്നി സ്വന്തം സ്ഥാപനത്തെയും ഉദ്യോഗസ്ഥരുടെ പങ്കും മൈക്രോ-മാക്രോ ലെവലിൽ മനസ്സിലാക്കുന്നതിനുള്ള ചർച്ച നടന്നു.'7S'ലൂടെ നേതൃത്വത്തിന്റെ ഗുണവും ദോഷവും സ്വയം വിലയിരുത്തുന്ന സെഷൻ കുടുംബശ്രീജില്ലാമിഷൻ ഘടന,സ്റ്റാഫ്,സ്റ്റൈൽ,മൂല്യങ്ങൾ,സ്കിൽസ്,സിസ്റ്റംസ്,സാഹചാര്യം,തന്ത്രങ്ങൾ എന്നിവയിലൂടെ കടന്നുപോകാൻ സഹായമായി.

ശേഷം 20 ചോദ്യങ്ങൾഅടങ്ങുന്ന ചോദ്യാവലി ഗ്രൂപ്പായി തിരിഞ്ഞ് ചർച്ച ചെയ്ത് അവതരിപ്പിച്ചു.വൈകീട്ട് 5.30 ന് സെഷൻ അവസാനിച്ചു.
ഇന്ത്യൻ മാനേജ്മെന്റ് ചരിത്ര മ്യൂസിയം സന്ദർശിച്ചത് പുതിയ അനുഭവമായിരുന്നു.

രണ്ടാം ദിനം

രാവിലെ 6.30 മുതൽ 7.30 വരെ യോഗപരിശീലനം നടന്നു.9.30 ന്'change management' എന്ന സെഷൻ ആരംഭിച്ചു.'Ten elements for change management'എന്ന വിഷയ ത്തിൽ ചർച്ച നടന്നു.ശേഷം ഓർഗനൈസേഷൻ(കുടുംബശ്രീ)നേരിടുന്ന പ്രധാനപ്രശ്ന ങ്ങൾ ലിസ്റ്റ് ചെയ്യുവാൻ RP ആവശ്യപ്പെട്ടു.'Techonological upgradation infrastructure developement'ഈ മേഖലയിൽ കുടുംബശ്രി നേരിടുന്നപ്രശ്നങ്ങൾ നമ്മുടെ ഗ്രൂപ്പ് ചർച്ച ചെയ്ത് കണ്ടെത്തൽ അവതരിപ്പിച്ചു.

'ടീം ബിൽഡിംഗ്' ആക്ടിവിറ്റി ആയിരുന്നു പരിശീലനത്തിലെ ഏറ്റവും ആകർഷകമായ സെഷൻ. എല്ലാവരും സജീവമായി പ്രവർത്തനങ്ങളിൽ മുഴുകി. വൈകിട്ട് 5.30 ന് സർട്ടി ഫിക്കറ്റ് വിതരണത്തോടുകൂടി ദ്വിദിന പരിശീലനം അവസാനിച്ചു.



## Feed back And Suggetions

- DMC,ADMC മാരുടെ മാനേജ്മെന്റ് കപ്പാസിറ്റി, മറ്റു നേതൃപരമായ കഴിവുകള പരിപോഷിപ്പിക്കുവാൻ ഇത്തരം പരിശീലനം നൽകുവാൻ തീരുമാനിച്ചതിന് ബഹു.എക്സിക്യുട്ടീവ് ഡയറക്ടറോടും സംസ്ഥാന മിഷൻ ഉദ്യോഗസ്ഥരോടും കൃതജ്ഞതയുണ്ട്.
- ദ്വിദിന പരിശീലനത്തിന്റെ അന്തരീക്ഷവും താമസവും ഭക്ഷണവും മികവുറ്റതായിരുന്നു
- മറ്റു ജില്ലകളിലെ DMC/ADMC മാരുമായി നല്ല സൗഹൃദം ഉണ്ടാക്കാൻ പരിശീലനം ഉപകരിച്ചു.

- കുറേ കാലത്തിനുശേഷം English language ന്റെ സെഷനുകളിൽ പങ്കെടുക്കാൻ അവസരമുണ്ടായി.
- 'Management Excellence' IIM- ൽ പരിശീലമം ലഭിക്കാൻ അവസരം കിട്ടുമ്പോൾ വലിയ പ്രതീക്ഷയായിരുന്നു.ഏറ്റവും മികച്ച ട്രൈനിംഗ് പ്രതീക്ഷിച്ചെത്തിയ എനിക്ക് ശരാശരി നിലവാരം പോലും ഇല്ലാത്ത തായുരുന്നു ദ്വിദിനപരിശീലനം.കുറച്ച് തിയറി പറഞ്ഞ് ഗ്രൂപ്പുണ്ടാക്കി ചർച്ചയ്ക്കും,അവതരണത്തിനും ബഹുഭൂരിഭാഗം സമയവും കള യുന്ന രീതിയിലായിരുന്നു ചർച്ച.നമ്മുടെ കുടുംബശ്രീയിലെ പ്രശ്ന ങ്ങളും,മെച്ചപ്പെടുത്താനുള്ള വഴികളും DMC/ADMC മാർ ഒരുമിച്ച് കൂടുന്ന വേളകളിൽ ചർച്ച ചെയ്യാറുണ്ട്.അതിനുമപ്പുറമൊന്നും ഒരു പരിധി വരെ ഈ രണ്ടു ദിവസവും നടന്നിട്ടില്ല.
- ഏറ്റവും നല്ല കഴിവും അനുഭവപരിചയവുമുള്ള ഫാക്കൽട്ടിയായിരു ന്നിട്ടും സെഷൻ പ്ലാനിംഗ് ഉണ്ടായതായി തോന്നിയിട്ടില്ല.10 ഗ്രൂപ്പ് തിരിച്ച് ചർച്ചയ്ക്ക് 20-30 മിനുട്ട് നൽകുകയും അവതരണത്തിനായി ഓരോ ഗ്രൂപ്പിനും 10 മിനുട്ട് വീതവും നൽകി. ആദ്യ ഗ്രൂപ്പ് അവതരിപ്പി ക്കുമ്പോൾ തന്നെ ഭൂരിഭാഗം പോയിന്റുകളും പങ്കുവെച്ചു. പിന്നീടു ള്ള ഗ്രൂപ്പുകളും സമാനമായ പോയിന്റുകൾ തന്നെ അവതരിപ്പിക്കുക യായിരുന്നു.വ്യത്യസ്തമായ പോയിന്റുകൾ മാത്രം തുടർന്ന് വരുന്ന ഗ്രൂപ്പ് അവതരിപ്പിച്ചാൽ പോരേ എന്ന് പരിശീലനാർത്ഥി ചോദിച്ച ശേഷമാണ് ആർ പി മാറ്റം വരുത്തിയത്.
- കുടുംബശ്രി സംഘടനാ സംവിധാനത്തെക്കുറിച്ച്, നേരിടുന്ന പ്രശ്ന ങ്ങളെക്കുറിച്ച്, നൂതനമായ ഇടപെടലുകളെക്കുറിച്ച് RP മാർക്ക് ഗവേ ഷണ ആവശ്യത്തിനായി നടത്തിയ പരിശീലനം പോലെ ആയി എന്ന് പരിശീലനത്തിൽ പങ്കെടുത്തവരിൽ നിന്ന് അഭിപ്രായമു യർന്നു(ഞാനുൾപ്പെടെ).
- ദാരിദ്ര്യ ലഘൂകരണ പ്രസ്ഥാനത്തിൽ സമർപ്പണ മനോഭാവത്തോടെ ജോലിചെയ്യുന്ന DMC/ADMC മാർക്ക് ഫൈവ്സ്റ്റാർ ഫെസിലിറ്റി നൽകണമെന്നില്ല.ഏറ്റവും മികച്ച ട്രെയിനിംഗാണ് വേണ്ടത്.
- 'ടീം ബിൽഡിംഗ്' പ്രവർത്തനം പല പരിശീലനപ്രവർത്തനങ്ങളി ലെയും ആവർത്തനമായിരുന്നെങ്കിലും പങ്കെടുത്തവരെ ഒരു ടീമാക്കി മാറ്റാനും സെഷൻ ലൈവ് ആക്കിമാറ്റാനും സഹായിച്ചു. നല്ല ആശയം, കൂടുതൽ ഉയരം,മനോഹാരിത തുടങ്ങിയ വാല്യു പോയിന്റ് അടിസ്ഥാനമാക്കി ഗ്രൂപ്പ് പോയിന്റ് വിലയിരുത്തി. നിരീക്ഷകന്റെയും ഫീഡ്ബാക്ക് അറിഞ്ഞ് ഒരു ഓർഗനൈസേഷനുമായി ബന്ധപ്പെ ടുത്തി 'ടീം ബിൽഡിംഗ്' വിവിധ വശങ്ങൾ വിശദീകരിക്കാതെ, നല്ലൊരു കൺക്ലൂഷൻ നൽകാതെ സെഷൻ നിർത്തി.
- രണ്ടുദിനങ്ങളിലും ഭൂരിഭാഗം സമയവും ഒരു ആർ പിയാണ് സെഷൻ കൈകാര്യം ചെയ്തത്.

- Reading Material മികച്ചതും ഏറെ ഉപകാരപ്രദവുമാണ്.
- വിവധ സെഷനുകളിലായി നടന്ന ചർച്ചകളിൽ രൂപപ്പെട്ട നിർദ്ദേശങ്ങളും പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജില്ലാമിഷൻ ഓഫീസിൽ പ്രായോഗികമായി നടപ്പിലാക്കാനുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുവാൻ പരിശീലനം ഉപകാരപ്പെടും.

30/6/17

രഞ്ജിത്ത് കെ പി

ഡി എം സി(I C)കാസർഗോഡ്